**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 788** **08-10-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത വികസനത്തിനായി ഏറ്റെടുക്കപ്പെട്ട ക്ഷേത്രഭൂമിയുടെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദേശിയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽവരുന്ന ക്ഷേത്രങ്ങളുടെ ഭൂമി എടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ക്ഷേത്രഭൂമികൾ ഇപ്രകാരം ദേശിയപാത വികസനത്തിനായി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. അരൂർ മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസനത്തിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ റവന്യൂ ജില്ലകളിൽ ഉൾപ്പെടുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിരവധി ക്ഷേത്രങ്ങളുടെ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇപ്രകാരം ഏറ്റെടുക്കപ്പെട്ട ക്ഷേത്രഭൂമിയുടെ വില ലഭ്യമായിട്ടുണ്ടോ; പല ക്ഷേത്രഭൂമികളുടെയും ആധാരം ലഭ്യമല്ലാത്ത സാഹചര്യംമൂലം ഏറ്റെടുക്കപ്പെട്ട ക്ഷേത്ര ഭൂമിയുടെ വില ലഭ്യമായിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | നാഷണൽ ഹൈവേ 66 ന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ നിന്നും ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ഭൂഉടമ എന്ന നിലയിലുള്ള നഷ്ടപരിഹാരം ദേവസ്വം ബോർഡിന് നൽകാൻ തുടക്കത്തിൽ നടപടികൾ കൈക്കൊണ്ടിരുന്നില്ല. ദേവസ്വം ഭൂമി ഏറ്റെടുക്കപ്പെടുന്നത് മൂലമുള്ള നഷ്ടപരിഹാരതുക ദേവസ്വം ബോർഡിന് നൽകണമെന്ന് കാണിച്ച് സർക്കാരിനും നാഷണൽ ഹൈവേ അതോറിറ്റിക്കും ദേവസ്വം ബോർഡിൽ നിന്നും നിവേദനങ്ങൾ സമർപ്പിക്കുകയും, തുടർന്ന് ദേവസ്വത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിക്കും അതിന്മേലുള്ള നിർമ്മിതികൾക്കുമുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് 09.08.23-ൽ ജി.ഒ(ആർ.ടി)2950/2023/ആർ.ഡി നമ്പരായി ഗവണ്മെന്റ് ഉത്തരവുണ്ടാകുകയും, അപ്രകാരം അനുവദിക്കപ്പെടുന്ന കോമ്പൻസേഷനിൽ ഭൂമിയുടെ നഷ്ടപരിഹാരതുക ധനകാര്യ വകുപ്പിൽ ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും, നിർമ്മിതികൾക്കുള്ള നഷ്ടപരിഹാരതുക ദേവസ്വം ബോർഡിന് നേരിട്ട് കൈമാറികൊടുക്കുന്നതിനും നിർദ്ദേശം ഉണ്ടായിട്ടുള്ളതാണ്.<br><br>ധനകാര്യ വകുപ്പിൽ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന ദേവസ്വം ഭൂമിയുടെ |

| | | | |
|---|---|---|---|
| | | | കോമ്പൻസേഷൻ റവന്യൂ ദേവസ്വം ഡിപ്പാർട്ട്മെൻറ് മുഖാന്തിരം ദേവസ്വം ബോർഡിന് ലഭ്യമാകുന്നതാണ് എന്നതും പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു |
| (സി) | ദേശീയപാത വികസനത്തിന് ഭൂമി വിട്ടുനൽകിയതിന് ലഭിച്ച തുക അതാത് ക്ഷേത്രങ്ങളുടെ വികസനത്തിനും നവീകരണത്തിനും തന്നെ ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നഷ്ടപരിഹാരത്തുക എപ്രകാരം ചെലവഴിക്കണമെന്നത് സംബന്ധിച്ച് ഉത്തരവുകൾ നിലവിൽ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അമ്പലപ്പുഴ ഗ്രൂപ്പ്

| SL.No | |
|---|---|
| 1. | ചെറിയകലവൂർ |
| 2. | വലിയകലവൂർ |
| 3. | നവരാക്കൽ |
| 4. | ഇരട്ടക്കുളങ്ങര |
| 5. | നീർക്കുന്നം |
| 6. | തോട്ടപ്പള്ളി-ഉരിയരിഉണ്ണിത്തേവർ മഹാദേവ ക്ഷേത്രം |
| 7. | ആനന്ദേശ്വരം |
| 8. | മുരുക്കുവേലി |
| 9. | വണ്ടാനം |

കരുനാഗപ്പള്ളി ഗ്രൂപ്പ്

| SL.No | |
|---|---|
| 1. | കൃഷ്ണപുരം |
| 2. | കാമൻകുളങ്ങര |
| 3. | പുതിയകാവ് |
| 4. | പുതിയകാവ് |
| 5. | പടനായർകുളങ്ങര |
| 6. | പുലിയൻകുളങ്ങര<br><br>(കുലശേഖരപുരം) |

കൊല്ലം

| | |
|---|---|
| 1. | കൊറ്റംകുളങ്ങര |

വൈക്കം

| | |
|---|---|
| 1. | പട്ടണക്കാട് |
| 2. | തുറവൂർ |

ഉള്ളൂർ ഗ്രൂപ്പ്

| SL.No | |
|---|---|
| 1. | തോന്നൽ |
| 2. | കഴക്കൂട്ടം |

ഹരിപ്പാട് ഗ്രൂപ്പ്

| SL.No | |
|---|---|
| 1. | രാമപുരം |
| 2. | തിരുവിലഞ്ഞാൽ |
| 3. | ഹരിപ്പാട് |
| 4. | കാഞ്ഞൂർ |
| 5. | നങ്ങ്യാർകുളങ്ങര |
| 6. | കടുവൻകുളങ്ങര |

വർക്കല ഗ്രൂപ്പ്

| SL.No | |
|---|---|
| 1. | തിരുവാറാട്ട്കാവ് |